"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് പദ്ധതീതര (നോൺ പ്ലാൻ) വിഹിതമായി വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ഒന്നാം ഗഡു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.135/2025/SJD തീയതി,തിരുവനന്തപുരം, 06-06-2025

---

പരാമർശം:- സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ 28.04.2025-ലെ എസ്.ജെ.ഡി./2036/2025-ഒ.സി.ബി.1 നമ്പർ കത്ത്.

**ഉത്തരവ്**

2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് 2235-02-104-89-31-നോൺപ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി 33,14,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക റിലീസ് ചെയ്ത് നൽകണമെന്ന് അഭ്യർത്ഥിച്ച് പ്രസ്തുത ബോർഡ് മെമ്പർസെക്രട്ടറി പരാമർശത്തിലെ കത്ത് പ്രകാരം പ്രപ്പോസൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-2026 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന് 2235-02-104-89-31-നോൺപ്ലാൻ ശീർഷകത്തിൽ പദ്ധതീതര വിഹിതമായി വകയിരുത്തിയിരിക്കുന്ന 33,14,000/- രൂപയിൽ നിന്നും 20% തുകയായ 6,62,800/- രൂപ (ആറുലക്ഷത്തി അറുപത്തിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) പ്രസ്തുത ബോർഡിനുള്ള ഈ സാമ്പത്തിക വർഷത്തെ ഒന്നാം ഗഡു ധനസഹായമായി അനുവദിച്ച് കൊണ്ടും പ്രസ്തുത തുക വികാസ്ഭവൻ സബ്ട്രഷറിയിലുള്ള റ്റി.എസ്.ബി അക്കൌണ്ട് നം. 701121400000004 ലേക്ക് മാറ്റി നിക്ഷേപിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ അദീല അബ്ദുള്ള ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്,വികാസ്ഭവൻ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ്ഭവൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, എ & ഇ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം

ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (ടി വകുപ്പിന്റെ ഡബ്ലിയു.ഡബ്ലിയു.-
ഡബ്ലിയു.ഡബ്ലിയു.2/315/2022/ധന നമ്പർ കുറിപ്പ് പ്രകാരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ,
വിവരപൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
Date: 06-06-2025 12:21:05
സെക്ഷൻ ഓഫീസർ